## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -204 25.04.2017-ൽ മറുപടിക്ക്

## വിജിലൻസിനു ലഭിച്ച പരാതികളിൽ ത്വരിതാന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) | |
| എ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതികളിന്മേൽ ക്യൂ.വി. 16/16 റ്റി.വി.എം പ്രകാരം നടത്തിയ ത്വരിതാന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | എ) | സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്പോർട്സ് ലോട്ടറിയുടെ വിതരണവുമായി ബന്ധപ്പെട്ട വരുമാനത്തിൽ വന്ന കുറവ് കണ്ടെത്തിയതുൾപ്പെടെയുള്ള ക്രമക്കേടുകളാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതികളിന്മേൽ ക്യൂ.വി. 16/16 റ്റി.വി.എം പ്രകാരം നടത്തിയ ത്വരിതാന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ. |
| ബി) | വി.സി 1/17/റ്റി.വി.എം. എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രധാന ആരോപണങ്ങൾ എന്തൊക്കെയാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | ബി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസൻ, മുൻ സെക്രട്ടറി ശ്രീ. റ്റി. ജെ. ടെഗ്ഗി ഐ. എഫ്. എസ് എന്നിവർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് സ്പോർട്സ് ലോട്ടറി വിറ്റതിലൂടെ ലഭിച്ച തുകയിൽ തിരിമറി നടത്തി എന്നതാണ് കേസിനാസ്പദമായ സംഗതി. |

| | | | |
|---|---|---|---|
| സി) | ഇതിലെ പ്രതികൾ ഏതൊക്കെ പദവികൾ വഹിച്ചിരുന്നു എന്നും. ഇപ്പോൾ ഏതൊക്കെ പദവികൾ വഹിക്കുന്നു എന്നും വെളിപ്പെടുത്തുമോ? | സി) | ആരോപണ സമയത്ത് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയിരുന്ന ശ്രീ.റ്റി.പി.ദാസൻ നിലവിൽ പ്രസ്തുത പദവി വഹിക്കുന്നു. ശ്രീ.റ്റി.ജെ.ടെഗ്ഗി ഐ.എഫ്.എസ് ആരോപണ സമയത്ത് സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരുന്നു. 29.02.2016-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. |

സെക്ഷൻ ഓഫീസർ